

ഫെബ്രുവരി 2021

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം,

കോവിഡ് മഹാമാരി ലോകത്ത് രോഗവും മരണവും വിതയ്ക്കുവാൻ തുടങ്ങിയിട്ട് ഒരു വർഷം തികയുന്നു. നീണ്ട കാത്തിരിപ്പിന് ശേഷം ഏറെ പ്രതീക്ഷകൾ നൽകിക്കൊണ്ട് കോവിഡിനെ പ്രതിരോധിക്കുവാനുള്ള വാക്സിൻ ലഭ്യമായി. ഇത് ശാസ്ത്ര ലോകത്തിന്റെ ഏറെ പ്രസ്താവ്യമായ നേട്ടങ്ങളിൽ ഒന്നാണ്. പൊതുജനാരോഗ്യം, സമൂഹം, സമ്പദ്വ്യവസ്ഥ എന്നിവയ്ക്കെല്ലാം വാക്സിന്റെ വരവ് പുത്തനുണർവ്വേകുമെന്ന് പ്രത്യാശിക്കാം. വാക്സിൻ ലോകമെമ്പാടും നല്കുവാൻ തുടങ്ങുന്ന ആദ്യപാദത്തിൽ തന്നെ ഇന്ത്യയിൽ ഉത്പാദിപ്പിച്ച വാക്സിനും ഉപയോഗിക്കുവാൻ നാം സജ്ജരായി എന്നത് ഏറെ അഭിമാനകരമാണ്. അതിന്റെ പിന്നിൽ പ്രവർത്തിച്ച ഏല്ലാവരെയും അഭിനന്ദിക്കുന്നു. ഭാരതത്തിൽ പൊതുവെ കഴിഞ്ഞ ചില ആഴ്ചകളായി കോവിഡ് 19 രോഗികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും കേരളത്തിൽ രോഗവ്യാപനം തുടരുന്നു. വാക്സിൻ കണ്ടുപിടിച്ചതോടുകൂടെ മഹാമാരിയെ നിയന്ത്രണത്തിലാക്കാം എന്ന് കരുതിയെങ്കിൽ കൊറോണാ വൈറസിന്റെ അതിവേഗം പകരുന്ന പുതിയ വകഭേദം നമ്മിൽ ആശങ്ക വർദ്ധിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ആശങ്കകളകറ്റി ശാസ്ത്രീയതയും സുരക്ഷിതത്വവും ഉറപ്പ് വരുത്തി എത്രയും വേഗം വാക്സിൻ കൂടുതൽ പേരിലെത്തിക്കുവാനുള്ള പഴുതടച്ച ശ്രമമാണ് ഇനി ആവശ്യം. പാവപ്പെട്ടവർക്കും ഭിന്നശേഷിക്കാർക്കും പ്രഥമപരിഗണനാ പട്ടികയിലിടം നല്കി വാക്സിൻ ലഭ്യമാക്കണം. ദൈവാലയങ്ങളും സ്കൂളുകളും കോളേജുകളും തുറന്നിരിക്കുന്ന ഈ വേളയിൽ രോഗവ്യാപനത്തിന്റെ സാധ്യത ഇനിയും കണക്കിലെടുത്ത് പൊതു ഇടങ്ങളിൽ സൂക്ഷ്മജാഗ്രതയും മുൻകരുതലും എല്ലാവരും പാലിക്കണം. ശാസ്ത്രരംഗത്ത് വ്യവസ്ഥാപിതമായ പരീക്ഷണങ്ങൾ തുടർന്ന് നടക്കുന്നതിനൊപ്പം ഒരു ആഗോള ഇക്കോ-വ്യവസ്ഥിതി കെട്ടിപ്പെടുക്കുന്നതിനെക്കുറിച്ച് നാം ഏറെ ശ്രദ്ധാലുക്കളാകേണ്ടിയിരിക്കുന്നു. സമ്പത്തിന്റെയും മറ്റ് വിഭവങ്ങളുടെയും വിതരണവും പ്രകൃതിയോടുള്ള നീതിപൂർവമായ സമീപനവും ഈ ആഗോള ഇക്കോ-വ്യവസ്ഥയിൽ വിഭാവന ചെയ്യണം. ജീവിതത്തിന്റെ ജൈവീകാനുഭവങ്ങളിൽ രൂഢമൂലമായി രൂപപ്പെടേണ്ട ജീവിതക്രമം നാം എല്ലാവരും തിരിച്ചറിയുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

അമേരിക്കയിലെ ക്യാപിറ്റോൾ കെട്ടിട സമുച്ചയത്തിന് നേരെ നടന്ന അക്രമങ്ങളും അതിലൂടെ പുറത്തുവന്ന രാഷ്ട്രീയ അരക്ഷിതാവസ്ഥയും നാം കണ്ടുകഴിഞ്ഞു. ജനാധിപത്യ വ്യവസ്ഥിതിയിൽ തന്നെ ഫാസിസ്റ്റ് മൂല്യങ്ങൾ ഒളിച്ചിരിപ്പുണ്ടെന്നും അതിനെ ജനാധിപത്യ മൂല്യങ്ങളാൽ ചെറുത്ത്നിൽക്കുകയും ഒപ്പം പരിവർത്തിപ്പിക്കുകയും ചെയ്യുന്ന വലിയ പ്രക്രിയ ജനാധിപത്യത്തിന്റെ വിണ്ടെടുപ്പിന് ആവശ്യമായിരിക്കുന്നുവെന്നും ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. അധികാരത്തിന്റെ മൂശയിൽ രൂപപ്പെടുത്തുന്ന വിദ്വേഷത്തിന്റെ ആശയഗതിയെ വളർത്തി ജനങ്ങളെ വിഘടിപ്പിക്കുവാനും അതിലൂടെ ഒരു വിഭാഗത്തെ തങ്ങൾക്കനുകൂലമാക്കുവാനും ഏതു ഫാസിസ്റ്റ് നേതൃത്വത്തിനും കഴിയും. ഇവിടെ ജനങ്ങൾ ജാഗരൂകരാകണം. അമേരിക്കൻ ഐക്യനാടുകളുടെ പുതിയ പ്രസിഡന്റായി സ്ഥാനമേറ്റിരിക്കുന്ന ജോസഫ് ബൈഡനെയും വൈസ് പ്രസിഡന്റ് കമലാ ഹാരിസിനെയും അഭിനന്ദിക്കുന്നു. ആ രാജ്യം ഒരു വലിയ പ്രതിസ

സിയെ നേരിടുന്ന വേളയിലാണ് അവർ അധികാര ത്തിലേറുന്നത്. കോവിഡ് മഹാമാരിയോടൊപ്പം വർഗ്ഗ - വംശ ധ്രുവീകരണം രാജ്യത്തെ ഭിന്നിപ്പിക്കുന്ന അവ സ്ഥയിലെത്തി. ഈ പശ്ചാത്തലത്തിൽ, പ്രസിഡന്റ് ബൈഡനിലേക്ക് ആ രാജ്യം മാത്രമല്ല ലോകം മുഴു വൻ പ്രതീക്ഷയോടെ നോക്കുന്നു. പുതിയ വൈസ് പ്രസിഡന്റ് ഇന്ത്യൻ വംശജയാകയാൽ ഭാരതവു മായുള്ള ബന്ധം കൂടുതൽ ദൃഢമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

തെരഞ്ഞെടുപ്പുകൾ അടുക്കുമ്പോൾ മത-ജാതി ബോധങ്ങളുടെ സ്വത്വം ഉണർത്തി ധ്രുവീകരണം നട ത്തുന്ന പ്രവണത ഏറിവരുന്നു. കേരളം പോലെ സാക്ഷരത ഏറെയുള്ള സംസ്ഥാനങ്ങളിലും ഇത്തരം പ്രവണതകൾ വർദ്ധിച്ചു വരുന്നത് ആശാവഹമല്ല. സ്ഥായിയായ ജനക്ഷേമപ്രവർത്തനങ്ങൾ നടത്തി ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുകയും പൊതുന ന്മയുടെ രാഷ്ട്രീയം ജനങ്ങളുടെ മുന്നിൽ അവതരി പ്പിക്കുകയും ചെയ്യുവാൻ രാഷ്ട്രീയപ്പാർട്ടികൾക്കാ കണം. സംസ്ഥാന ബഡ്ജറ്റ് നിയമസഭയിൽ അവത രിപ്പിക്കുകയും, കേന്ദ്രബഡ്ജറ്റിനായി ഒരുക്കങ്ങൾ നട ക്കുകയും ചെയ്യുകയാണല്ലോ. സാമ്പത്തികമാന്ദ്യം സമ്പദ്ഘടനയെ ബാധിച്ചിരിക്കുന്ന ഈ കാലഘ ട്ടത്തിൽ കോവിഡ് മഹാമാരിയുടെ ആഘാതങ്ങളെ മറികടക്കുകയും സാമ്പത്തിക വളർച്ചാനിരക്ക് ഉയർ ത്തുകയും ചെയ്യുവാൻ സംസ്ഥാന-കേന്ദ്ര സർക്കാ രുകൾ പദ്ധതി ഒരുക്കേണ്ടതാണ്. ജനങ്ങളുടെ ചെല വഴിക്കൽ ശേഷിയെ ഉയർത്തുകയും ഉല്പാദന, സേ വന മേഖലകൾക്ക് ഉന്മേഷം പകരുകയും ചെയ്യുന്ന പദ്ധതികൾ പ്രതീക്ഷിക്കാം.

തർക്കഭൂമിയിലെ കുടിയൊഴിപ്പിക്കൽ നടപടികൾ ക്കിടെ രണ്ട് കുട്ടികളെ അനാഥരാക്കി നെയ്യാറ്റിൻകര യിൽ മരിച്ച ദമ്പതികൾ നമ്മുടെ മനസ്സാക്ഷിയുടെ മുൻ പാകെ ഒരു ചോദ്യചിഹ്നമായി നിലകൊള്ളണം. ഏറ്റവും വികസിത സംസ്ഥാനമെന്ന് നാം അഭിമാനി ക്കുന്ന കേരളത്തിൽ പോലും പാർപ്പിടം അപ്രാപ്യ മായ ജനങ്ങളുണ്ടെന്നുള്ളത് നമ്മെ ചിന്തിപ്പിക്കണം. പാർപ്പിടം മനുഷ്യരുടെ അടിസ്ഥാന ആവശ്യമല്ലെ? ഒരു പറ്റം ആളുകൾക്ക് കെട്ടുറപ്പുള്ള ഭവനം നിർമ്മിക്കു വാൻ സാധ്യമാകാതിരിക്കുന്നത് നമ്മുടെ അനീതി പൂർവ്വമായ സാമൂഹ്യ ഘടനയുടെ പ്രതിഫലനമാണ് എന്ന് നാം ഇനിയെങ്കിലും തിരിച്ചറിയണം. പാർപ്പിട മില്ലാത്തവർക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകിയാൽ മാത്രമെ തനിക്ക് വേണ്ടി പണികഴിപ്പിച്ച ഭവനത്തിൽ കയറി താമസിക്കുകയുള്ളുവെന്ന് പറഞ്ഞ യുഗപ്രഭാ വനായ യൂഹാന്നോൻ മാർത്തോമ്മാ മെത്രാപ്പോലീ ത്താ തിരുമേനി ആയിരിക്കണം നമ്മുടെ മാതൃക.

സി. എസ്. ഐ. മദ്ധ്യകേരള മഹായിടവകയുടെ പ തിമൂന്നാമത് ബിഷപ്പായി അഭിഷിക്തനായിരിക്കുന്ന റൈറ്റ് റവ ഡോ. സാബു കെ ചെറിയാനെ അനുമോ ദിക്കുന്നു. ജനുവരി 18 ന് കോട്ടയം ഹോളിട്രിനിറ്റി കത്തീഡ്രലിൽ നടന്ന സ്ഥാനാരോഹണ ശുശ്രൂഷ യിൽ സി. എസ്. ഐ. മോഡറേറ്ററോടൊപ്പം കാർമ്മി കത്വം വഹിക്കുവാൻ ലഭിച്ച അവസരം സന്തോഷകര മായിരുന്നു. പുതിയ ചുമതല സ്ഥാനത്തേക്ക് പ്രവേശി ച്ചിരിക്കുന്ന തിരുമേനിയുടെ നേതൃത്വത്തിൽ സി. എസ്.ഐ.-മാർത്തോമ്മാ സഭകൾ തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കുവാൻ സാധ്യമാകട്ടെ. തിരുമേനിയുടെ ശുശ്രൂഷകളിൽ ദൈവകൃപ ധാരാ ളമായി അനുഭവിക്കാനിടയാകട്ടെയെന്ന് പ്രാർ ത്ഥിക്കുന്നു.

അഖില ലോക സഭൈക്യ പ്രാർത്ഥനാ വാരം (Octave of Christian Unity) മറ്റ് സഭകളോടും എക്യൂമെനിക്കൽ സംഘടനകളോടും ചേർന്ന് ജനുവരി 18 മുതൽ 25 വരെ നമ്മുടെ സഭയും ആചരിച്ചു. ഭിന്നിച്ചിരി ക്കുന്ന സഭയ്ക്ക് ലോകത്തിൽ ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുവാൻ സാധിക്കുകയില്ല. അതിനാൽ ഐക്യത്തിനും കാലോചിതമായ ദൗത്യനിർവ്വഹണ ത്തിനും വേണ്ടി ലോകത്തെമ്പാടുമുള്ള വിശ്വാസി കൾ ഒരുമിച്ച് പ്രാർത്ഥിക്കണമെന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണല്ലോ സഭൈക്യപ്രാർത്ഥനാ വാരം. ഐക്യത്തിനാണ് സഭകൾ വിളിക്കപ്പെട്ടിരിക്കു ന്നത് എന്ന് മനസ്സിലാക്കി സാധ്യമാകുന്ന ഇടങ്ങളി ലൊക്കെ സഭകളുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്ക പ്പെടേണ്ടതാണ്.

സ്ത്രീ ശാക്തീകരണം നമ്മുടെ സഭയുടെയും ലക്ഷ്യ മാണ്; തുടർന്ന് കൊണ്ടുപോകേണ്ട പ്രക്രിയയുമാണ്. മറ്റ് പല സഭകളും മടിച്ചു നിന്ന കാലത്ത് സ്ത്രീകളെ സഭയിലും ഇടവകകളിലും ഉത്തരവാദിത്വപ്പെട്ട സ്ഥാ നങ്ങളിലേക്ക് നാം തെരഞ്ഞെടുത്തു. സഭാ പ്രതിനിധി മണ്ഡലത്തിലും സഭാ കൗൺസിലിലും സ്ത്രീക ളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തി. കത്തോലിക്ക സഭ യിൽ അടുത്ത സമയം നടന്ന ചില മാറ്റങ്ങൾ ഇത്തരു ണത്തിൽ ശ്രദ്ധേയമാണ്. കുർബ്ബാനയ്ക്കിടെ സുവി ശേഷം വായിക്കാനും അൾത്താരയിൽ സഹായിക ളാകാനും ദിവ്യകാരുണ്യം നൽകാനും പോപ്പ് ഫ്രാൻ സിസ് സ്ത്രീകൾക്ക് ഔദ്യോഗികമായി അനുമതി നല്കിക്കൊണ്ട് വനിതകൾക്ക് സഭയിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കി. ഇത് നമ്മെ ചിന്തിപ്പിക്കേണ്ട താണ്.

മലേഷ്യയിലെ നമ്മുടെ ആദ്യകാല ദൈവാലയങ്ങ ളിൽ ഒന്നായ Banting ലെ പള്ളി ജനുവരി 10നുണ്ടായ ഒരു തീപിടിത്തത്തിൽ പൂർണ്ണമായി കത്തി നശിച്ചു എന്നറിയുന്നത് സങ്കടകരമാണ്. ഏകദേശം ഒരു നൂറ്റാ ണ്ട് മുമ്പ് മുതൽ നമ്മുടെ സഭാംഗങ്ങൾ ആ രാജ്യത്ത് കുടിയേറി പാർത്തു. അവിടെ ഇടവകകൾ രൂപീകരി ച്ചു. മാറിവരുന്ന നിയമങ്ങളും സാമ്പത്തിക സാമൂഹ്യ

പ്രശ്നങ്ങളും മൂലം ഒരു ത്രിസന്ധിഘട്ടത്തിലൂടെയാണ് ആ രാജ്യത്തെ വിശ്വാസികൾ ഇപ്പോൾ കടന്ന് പോകുന്നത്. അവരെ ഓർത്ത് പ്രാർത്ഥിക്കുകയും വേണ്ട കൈത്താങ്ങൽ നല്കുകയും വേണം.

പ്രശസ്ത സംവിധായകൻ ശ്രീ. ബ്ലസി ഐപ്പ് തോമസ് തയ്യാറാക്കിയ 'മാർ ക്രിസോസ്റ്റത്തിന്റെ 100 വർഷങ്ങൾ' എന്ന ഡോക്യുമെന്ററി ഗോവയിൽ വെച്ച് നടത്തിയ 51-ാം മത് രാജ്യാന്തര ചലച്ചിത്ര മേളയിൽ നോൺ ഫീച്ചർ വിഭാഗത്തിൽ പ്രദർശിപ്പിക്കപ്പെട്ടത് നമുക്കേവർക്കും സന്തോഷവും അഭിമാനകരവുമാണ്. വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ശുശ്രൂഷകളെയും ജീവിതത്തെയും ഓർത്ത് ദൈവത്തെ സ്തുതിക്കാം. ഗിന്നസ് റിക്കാർഡ് ജേതാവ് കൂടിയായ ശ്രീ. ബ്ലസ്സിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. നോർത്ത് അമേരിക്ക - യൂറോപ്പ് ഭദ്രാസനത്തിൽ ഗ്രേറ്റർ വാഷിംങ്ടൻ മാർത്തോമ്മാ ഇടവകയുടെ സ്ഥാപക അത്മായനേതാക്കളിൽ ഒരാളും, പ്രവാസി മാർത്തോമ്മാ സമൂഹങ്ങളിലും എക്യൂമെനിക്കൽ രംഗത്തും ശ്രദ്ധേയമായ സംഭാവനകൾ നല്കുകയും ചെയ്ത പ്രൊഫ. ജോർജ്ജ് കെ. സഖറിയയും, മാർത്തോമ്മാ സഭാ സ്ക്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫീസ് ഡെപ്യൂട്ടി മാനേജർ ആയി സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ച കുമ്പനാട് സെന്റ് തോമസ് ഇടവകാംഗം ശ്രീ. അലക്സാണ്ടർ കെ. സാമും നിത്യതയിൽ പ്രവേശിച്ചു. ഇവരുടെ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുകയും ഇവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഫെബ്രുവരി 14 മുതൽ 21 വരെ 126-ാമത് മാരാമൺ കൺവൻഷൻ മണൽപ്പുറത്ത് വെച്ച് നടക്കുകയാണല്ലോ. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ എല്ലാവിധ നിയന്ത്രണങ്ങളും പാലിച്ച്കൊണ്ട് കൺവൻഷനായുള്ള ഒരുക്കങ്ങൾ നടത്തിവരുന്നു. 200 പേർക്ക് സംബന്ധിക്കുന്നതിനാണ് ഇപ്പോൾ സർക്കാർതല അനുവാദം ലഭിച്ചിട്ടുള്ളത്. മാരാമൺ കൺവൻഷന്റെ നല്ല പാരമ്പര്യം കാത്തും, അച്ചടക്കം പാലിച്ചും, പ്രോട്ടോക്കോൾ അനുസരിച്ചും ഇതിന്റെ നടത്തിപ്പിനായി ഏവരും പ്രാർത്ഥിക്കണം. കൺവൻഷന്റെ ഓൺലൈൻ സംപ്രേക്ഷണം ഉണ്ടായിരിക്കുന്നതാണ്. വചനപ്രഘോഷണം കാലാകാലങ്ങളിൽ സമൂഹത്തിൽ പുത്തനുണർവ്വേകുകയും, ജനതകളിൽ അനുരഞ്ജനവും അനുതാപവും രൂപാന്തരവും ഉളവാക്കുകയും, അപരനെ ചേർത്ത് പിടിച്ചും നഷ്ടപ്പെട്ടതിനെ തേടിച്ചെന്നും ദൗത്യമാതൃകകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിസന്ധികളിൽ ദൈവവചനം വഴികാട്ടുന്നു. മഹാമാരിയുടെ ദുരിത ദിനങ്ങളിൽ ദൈവവചനത്തിന് പറയാനുള്ളതെന്തെന്ന് ശ്രവിപ്പാൻ നമുക്ക് കാതോർക്കാം, ഹൃദയനിലങ്ങളെ ഒരുക്കാം. വചനകേഴ്‌വി ഏവർക്കും അനുഗ്രഹമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അടൂർ, റാന്നി-നിലയ്ക്കൽ, കൊട്ടാരക്കര-പുനലൂർ, ചെങ്ങന്നൂർ - മാവേലിക്കര, കോട്ടയം-കൊച്ചി എന്നീ ഭദ്രാസനങ്ങൾ ക്രമീകരിച്ച മെത്രാപ്പോലീത്തായുടെ സ്വീകരണ സമ്മേളനങ്ങളിലും ഭദ്രാസന കൺവൻഷനുകളിലും പങ്കെടുത്ത് ദൈവവചനം പങ്കിടുന്നതിന് സാധിച്ചു. തിരുവനന്തപുരം-കൊല്ലം ഭദ്രാസനത്തിന്റെയും കുന്നംകുളം-മലബാർ ഭദ്രാസനത്തിലെ കുന്നംകുളം സെന്ററിന്റെയും സ്വീകരണ സമ്മേളനങ്ങളിലും, നിരണം-മാരാമൺ ഭദ്രാസനത്തിന്റെ വൈദീകരുടെ മേഖലാ-സെന്റർ സമ്മേളനങ്ങൾ, മെത്രാപ്പോലീത്തായുടെ സ്വീകരണ സമ്മേളനം എന്നിവയിലും സംബന്ധിച്ചു. കഴിഞ്ഞ ക്രിസ്തുമസ് ദിനത്തിൽ കോട്ടയം അസൻഷൻ സി. എസ്. ഐ. കത്തീഡ്രലിൽ നടത്തിയ ക്രിസ്തുമസ് ആരാധനയിൽ ബിഷപ്പ് ഉമ്മൻ ജോർജ്ജിനോടൊപ്പം പങ്കെടുക്കുവാൻ സാധിച്ചു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ (തൊഴിയൂർ) നേതൃത്വത്തിൽ ക്രമീകരിച്ച സ്വീകരണ സമ്മേളനം ഏറെ ഹൃദ്യമായിരുന്നു. ആ സഭയുമായി പ്രത്യേകമായിട്ടുള്ള ബന്ധം ഊട്ടിയുറപ്പിക്കുവാൻ ജനുവരി 22, 23 ദിനങ്ങളിൽ ആ സഭയുടെ മേലദ്ധ്യക്ഷനായ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ ക്ഷണപ്രകാരം സഭാ ആസ്ഥാനത്ത് ഡോ. യൂയാക്കീം മാർ കൂറിലോസ്, ഡോ. തോമസ് മാർ തീത്തോസ് എന്നീ എപ്പിസ്ക്കോപ്പാമാരോടൊന്നിച്ച് സന്ദർശിച്ചു. 23-ാം തീയതി നമ്മുടെ സഭയുടെ തക്സ ഉപയോഗിച്ച് ആ ദൈവാലയത്തിൽ വെച്ച് വി. കുർബ്ബാന ശുശ്രൂഷ നിർവ്വഹിക്കുകയും ഇരു സഭകളുടെയും പ്രതിനിധികൾ അതിൽ സംബന്ധിക്കുകയും ചെയ്തു. തദവസരം കൽദായ സഭയുടെ മേലദ്ധ്യക്ഷനായ മാർ അപ്രേം തിരുമേനിയെ സന്ദർശിക്കുകയും, തൃശ്ശൂരിലുള്ള കത്തോലിക്കാ ആർച്ച് ഡയോസിസിലെ മാർ ആൻഡ്രൂസ് താഴത്ത് ആർച്ച് ബിഷപ്പിനെയും മാർ ടോണി നീലാൻകാവിൽ ഓക്സിലറി ബിഷപ്പിനെയും നമ്മുടെ തൃശൂർ രവിവർമ്മ മന്ദിരത്തിൽ വെച്ച് കാണുന്നതിനും ഉച്ചഭക്ഷണത്തിന് പങ്ക്ചേരുന്നതിനുമിടയായി.

കവിയൂർ ശാലേം മാർത്തോമ്മാ ഇടവക നിർമ്മിക്കാനാഗ്രഹിക്കുന്ന പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി. മുംബൈ ഭദ്രാസനത്തിലെ മരോൾ സെന്റ് സ്റ്റീഫൻസ് മാർത്തോമ്മാ ഇടവകയുടെയും കാർഘർ സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുടെയും പുതിയ ദൈവാലയങ്ങളുടെ കൂദാശയും, വസായി റോഡ് മാർത്തോമ്മാ ഇടവകയുടെ പാരീഷ് ഹാൾ കൂദാശയും നടത്തി. ഓരോ പ്രാദേശിക ഇടങ്ങളിലും ആവശ്യങ്ങൾ മനസ്സിലാക്കി കോവിഡ് 19 ന്റെ മദ്ധ്യത്തിലും നിർമ്മാണ പ്രവർത്തനങ്ങൾ പൂർ

ത്തീകരിച്ച ഇടവക വികാരിമാരെയും ജനങ്ങളെയും അഭിനന്ദിക്കുന്നു.

ഫെബ്രുവരി ഒന്നാം ഞായർ സഭ മെഡിക്കൽ മിഷൻ ഞായറായി വേർതിരിച്ചിരിക്കുന്നു. അന്നത്തെ ധ്യാന വിഷയം യേശു നല്കുന്ന സമഗ്ര സൗഖ്യം എന്നതാണ്. ബെഥെസ്ദാ കുളക്കരയിൽ സൗഖ്യം പ്രതീക്ഷിച്ച് മുപ്പത്തിയെട്ടു വർഷമായി കിടക്കുന്ന രോഗിക്ക് യേശു സൗഖ്യം നല്കുന്നു. ശാരീരികമായ രോഗവസ്ഥയ്ക്കപ്പുറം സമൂഹം നിർമ്മിച്ച മിഥ്യാസങ്കൽപ്പങ്ങൾക്കുള്ളിൽ ജീവിതം തളച്ചിടപ്പെട്ടുപോയ അനേകരുടെ പ്രതിനിധി കൂടിയാണ് ഈ രോഗി. മത്സരാധിഷ്ഠിത സമൂഹത്തിൽ കഴിവില്ലാത്തവരും, സഹായിക്കുവാൻ ആളില്ലാത്തവരും തഴയപ്പെടുന്നു. എന്നാൽ യേശുവിന്റെ ഇടപെടലും സൗഖ്യവും നിലവിലുള്ള വ്യവസ്ഥയുടെ വല്ലായ്മകളെ രൂപാന്തരപ്പെടുത്തുവാൻ ലക്ഷ്യമിടുന്നതാണ്. യേശുവിന്റെ സൗഖ്യദായക ശുശ്രൂഷയുടെ തുടർച്ചയായിട്ടാണ് സഭ ആതുരശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നത്. ചികിത്സാ സൗകര്യം അപര്യാപ്തമായ ഇടങ്ങളിൽ മിഷൻ ആശുപത്രികളുടെ പ്രവർത്തനം അനേകർക്ക് അനുഗ്രഹമാകുന്നു. ത്യാഗോജ്ജ്വലമായ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യപ്രവർത്തകരെ ഓർത്ത് പ്രാർത്ഥിക്കേണ്ടത് നമ്മുടെ കടമയാണ്. വാണിജ്യ രീതിയിലുള്ള ചികിത്സാകേന്ദ്രങ്ങൾക്കുപരി സമൂഹത്തിന്റെ സമഗ്രമായ ആരോഗ്യ പരിപാലനത്തിനുള്ള പ്രവർത്തനങ്ങളിൽ മുന്നേറേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

ഫെബ്രുവരി രണ്ടാം ഞായർ പേത്തുർത്താ, അഥവാ വലിയ നോമ്പ് ആരംഭമാണ്. സൃഷ്ടിയുടെ രൂപാന്തരം എന്നതാണ് ധ്യാനവിഷയം. സൃഷ്ടിയുടെ പൂർണ്ണമഹത്വത്തിലേക്കുള്ള യാത്രയാണ് നോമ്പുകാലം. അപൂർണ്ണതകളെ ദൈവമുമ്പാകെ സമർപ്പിച്ച് രൂപാന്തരത്തിന്റെ അനുഭവസ്ഥരാകുന്നിടത്താണ് നോമ്പ് അർത്ഥവത്താകുന്നത്. മനുഷ്യാവസ്ഥകളെ ദൈവരാജ്യത്തിന്റെ അനുഭവത്തിലേക്ക് രൂപാന്തരപ്പെടുത്തുന്ന ദൈവിക ഇടപെടലിന്റെ ദൃശ്യമായ അനുഭവമാണ് കാനാവിലെ വിവാഹവേളയിൽ സംഭവിക്കുന്നത്. ദൈവരാജ്യ ശുശ്രൂഷയിൽ യേശുവിനോടൊപ്പം പ്രവർത്തിക്കുന്ന സഭ രൂപാന്തരത്തിന്റെ പങ്കുകാരാകുന്നു. വലിയ നോമ്പിന്റെ നാളുകൾ ദൈവരാജ്യ ദൗത്യത്തിനു വേണ്ടി സഭ പുതുക്കപ്പെടേണ്ട കാലഘട്ടം കൂടിയാണ്. ആഴമായ അനുതാപവും പ്രാർത്ഥനാചര്യകളും സഭയെ അതിനായി സജ്ജമാക്കുന്നു. ക്രിസ്തുവിനോടുള്ള അനുസരണവും, സമഗ്രമായ ശുദ്ധീകരണവും, വിശ്വാസസ്ഥിരതയും വലിയ നോമ്പിന്റെ അനുഭവത്തിലൂടെ വിശ്വാസ സമൂഹം സാധ്യമാക്കണം. ഈ വലിയ നോമ്പുകാലം അതിനായി നമ്മെത്തന്നെ ദൈവമുമ്പാകെ സമർപ്പിക്കാം.

വലിയ നോമ്പിൽ രണ്ടാം ഞായറാഴ്ച 'അസ്പർശരോടുള്ള ക്രിസ്തീയ സമീപനം' എന്നതാണ് സഭ ധ്യാനിക്കുന്നത്. കുഷ്ഠരോഗം ബാധിച്ച വ്യക്തിയെ യേശു സൗഖ്യമാക്കുന്നതാണ് വേദഭാഗം. ഒരു ശാരീരിക രോഗം എന്നതിലുപരി രോഗിയെ അശുദ്ധനെന്നു മുദ്ര ചാർത്തി സമൂഹത്തിൽ നിന്നു നിഷ്കാസനം ചെയ്യുന്നതിനു കാരണമാകുന്ന രോഗാവസ്ഥയാണ് കുഷ്ഠം. എന്നാൽ ഒരുവ്യക്തിയും ഒരു അശുദ്ധാവസ്ഥയും യേശുവിന്റെ സ്നേഹസ്പർശനത്തിൽ നിന്നും അകലെയല്ല എന്ന് ഈ വേദഭാഗം വെളിപ്പെടുത്തുന്നു. യഹൂദ സമൂഹത്തിൽ അനുവർത്തിച്ചു പോരുന്ന ശുദ്ധാശുദ്ധ നിയമങ്ങളെ പൂർണ്ണമായി തിരസ്കരിച്ചുള്ള ഒരു സൗഖ്യമാക്കൽ രീതിയാണ് കർത്താവ് അവലംബിക്കുന്നത്. മനുഷ്യന്റെ ദൈവദത്തമായ അന്തസ്സിനെ ഹനിക്കുന്ന എല്ലാവിധ നടപ്പുരീതികളെയും ത്യജിക്കുവാൻ കർത്താവ് ധൈര്യം കാട്ടുന്നു. ഭാരതത്തിൽ ജാതിവ്യവസ്ഥ ചിലരെ അശുദ്ധരും അസ്പർശ്യരുമായി മാറ്റി നിർത്തി. മനുഷ്യത്വരഹിതമായ മനോഭാവങ്ങളെ ത്യജിച്ച് അപരനെയും പുറന്തള്ളപ്പെട്ടവരെയും ചേർത്തു നിർത്തുവാനും ഉൾക്കൊള്ളുവാനും ശ്രമിക്കുന്നതാവണം ക്രിസ്തു ശരീരമായ സഭയുടെ ധർമ്മം.

നോമ്പിലെ മൂന്നാം ഞായറിൽ 'സൗഖ്യത്തിലേക്ക് നയിക്കുന്ന വിശ്വാസം' എന്നതാണ് സഭയായി നാം ധ്യാനിക്കുന്നത്. ഒട്ടനവധി പ്രതിബന്ധങ്ങൾ തരണം ചെയ്ത് ഏറെ സാഹസികമായിട്ടാണ് പക്ഷവാത രോഗിയെ യേശുവിന്റെ അടുക്കൽ എത്തിക്കുന്നത്. തന്റെ സ്നേഹിതരുടെ വിശ്വാസവും സ്നേഹവും മാത്രമാണ് ചലനശേഷിയറ്റ രോഗിക്ക് കൈമുതലായുള്ളത്. പ്രതിബന്ധങ്ങൾക്കു മുമ്പിൽ തളരാത്ത വിശ്വാസവും പരസ്പരാശ്രയവും ഒരു വലിയ അത്ഭുത പ്രവൃത്തിക്കു മുഖാന്തിരമാകുന്നു. ക്രിസ്തുസഭയുടെ ഉണ്മയും ദൗത്യവും വെളിവാക്കുന്ന സൂചനകൾ ഈ സംഭവത്തിൽ പ്രകടമാണ്. ലോകത്തിന്റെ രൂപാന്തരത്തിനും സൗഖ്യത്തിനും വേണ്ടി ജാഗ്രതയോടെ എല്ലാ പ്രതിബന്ധങ്ങളോടും എതിരിടുവാൻ പ്രാപ്തമായ വിശ്വാസത്തിൽ സഭ നിരന്തരം നിലനിൽക്കേണ്ടതാണ്. അതിനായി സഭയായി നമ്മെ ദൈവ കരങ്ങളിലർപ്പിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

പൂലാത്തീൻ
28.01.2021

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**